പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3328 — 14.10.2011- ലെ മറുപടി

# ഗുരുവായൂർ - തിരുനാവായ റെയിൽവെ ലൈൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജ വകുപ്പ് മന്ത്രി | |
| (എ) | ഗുരുവായൂർ - തിരുനാവായ റെയിൽവെ ലൈനിന്റെ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ടോ എന്ന് അറിയിക്കാമോ ; | (എ) | പൂർത്തിയായിട്ടില്ല. |
| (ബി) | ഏതെല്ലാം ഭാഗങ്ങളിലാണ് സർവ്വേ ജോലി പൂർത്തിയായിട്ടുള്ളത് ; | (ബി) യും (സി) യും (ഡി) യും (ഇ) യും | 34½ കിലോമീറ്റർ ദൂരമുള്ള നിർദ്ദിഷ്ട ഗുരുവായൂർ - തിരുനാവായ റെയിൽപ്പാതയുടെ 12.7 കിലോമീറ്റർ തൃശ്ശൂർ ജില്ലയിലൂടെയും 21.8 കിലോമീറ്റർ മലപ്പുറം ജില്ലയിലൂടെയുമാണ് കടന്നുപോകുന്നത്.<br>തൃശ്ശൂർ ജില്ലയിൽ ഗുരുവായൂർ മുതൽ കുന്ദംകുളം വരെ സർവ്വേ പൂർത്തിയായിട്ടുണ്ട്. മലപ്പുറം ജില്ലയിൽ 8 കിലോമീറ്റർ ദൂരം മാത്രമാണ് പ്രാഥമിക സർവ്വേ പൂർത്തീകരിച്ചിട്ടുള്ളത്. |
| (സി) | ശേഷിക്കുന്ന ഭാഗങ്ങളിൽ സർവ്വേ നടപടികൾ പൂർത്തിയാക്കാൻ തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണ് ; | | |
| (ഡി) | ഗുരുവായൂർ - തിരുനാവായ റെയിൽവെ ലൈനിന്റെ വർദ്ധിച്ച പ്രാധാന്യം കണക്കിലെടുത്ത് സർവ്വേ നടപടികൾ ഉടൻ പൂർത്തീകരിക്കുന്നതിനും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; | | |

| | | |
|---|---|---|
| (ഇ) | എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | മലപ്പുറം ജില്ലയിൽ പൊന്നാന്നി താലൂക്കിൽ പെരുമ്പടപ്പ്, നന്നംമുക്ക്, വെളിയംകോട് ഈഴുവതിരുത്തി, എന്നീ വില്ലേജുകളിലാണ് പ്രാഥമിക സർവ്വേ പൂർത്തീകരിച്ചത്. കോൾനില സംരക്ഷണസമിതി പ്രവർത്തകർ എതിർപ്പ് പ്രകടിപ്പിച്ച്. സർവ്വേ നടപടികൾ തടസ്സപ്പെടുത്തിയതിനാൽ സർവ്വേ നടപടികൾ താൽക്കാലികമായി നിർത്തി വെച്ചിരിക്കുകയാണ്.<br>സർവ്വേ നടപടികൾ പുനഃരാരംഭിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി അടിയന്തിരമായി തീരുമാനമെടുക്കാൻ മലപ്പുറം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ